File No.GEDN-T3/310/2019-G.EDN

11325
9/11/20

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതു വിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കണ്ടറി വിദ്യാഭ്യാസം - കോഴിക്കോട് മടവൂർ ചക്കാലക്കൽ ഹയർസെക്കൻഡറി സ്കൂളിൽ മലയാളം ഉപഭാഷ വിഷയത്തിൽ ഒരു എച്ച്എസ്എസ് റ്റി (ജൂനിയർ) തസ്തിക സൃഷ്ടിച്ച് ഉത്തരവാകുന്നു.

പൊതുവിദ്യാഭ്യാസ (റ്റി) വകുപ്പ്

സ.ഉ.(കൈ) നം.172/2020/പൊ.വി.വ തീയതി,തിരുവനന്തപുരം, 06/11/2020

പരാമർശം:- 1 കോഴിക്കോട് മടവൂർ ചക്കാലക്കൽ ഹയർസെക്കൻഡറി സ്കൂൾ മാനേജർ സമർപ്പിച്ച 16.05.2019 ലെ അപേക്ഷ.

2 കോഴിക്കോട് മടവൂർ ചക്കാലക്കൽ ഹയർസെക്കൻഡറി സ്കൂൾ മാനേജർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 27607/2019 നമ്പർ കേസിലെ 17/10/2019 ലെ വിധിന്യായം.

3 പൊതു വിദ്യാഭ്യാസ (ഹയർ സെക്കണ്ടറി) ഡയറക്ടറുടെ 10.07.2019 ലെ എ.സി ഡി. സി3/ 140635/ എച്ച് . എസ്. സി/2019 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കോഴിക്കോട് ജില്ലയിലെ മടവൂർ ചക്കാലക്കൽ ഹയർസെക്കൻഡറി സ്കൂളിൽ ഒരു എച്ച്.എസ്.എസ്.റ്റി ( ജൂനിയർ) മലയാളം തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് സ്കൂൾ മാനേജർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 27607/2019 നമ്പർ കേസിലെ പരാമർശം 1 പ്രകാരമുള്ള വിധിന്യായത്തിൽ, ഹർജിക്കാരൻ സർക്കാർ മുൻപാകെ സമർപ്പിച്ചിരിക്കുന്ന എക്സിബിറ്റ് പി.7 നിവേദനം വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച് മൂന്ന് മാസത്തിനകം, ഹർജിക്കാരനെ നേരിൽ കേട്ട് തീർപ്പാക്കണമെന്ന് ബഹു ഹൈക്കോടതി സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു. പ്രസ്തുത വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മാനേജരെയും മറ്റു ബന്ധപ്പെട്ട കക്ഷികളെയും അണ്ടർസെക്രട്ടറി 28.01.2020-ൽ നേരിൽ കേൾക്കുകയുണ്ടായി.

2) 24.11.2014-ലെ സ.ഉ.(എം.എസ്.) നം.247/2014/പൊവിവ നമ്പർ ഉത്തരവ് പ്രകാരം, മടവൂർ ചക്കാലയ്ക്കൽ ഹയർസെക്കണ്ടറി സ്കൂളിൽ അഡീഷണലായി ഒരു സയൻസ് ബാച്ച് അനുവദിക്കുകയും 21.08.2017-ലെ സ.ഉ.(എം.എസ്.) നം.106/2017/പൊവിവ നമ്പർ ഉത്തരവ് പ്രകാരം മലയാളം ഉപഭാഷ ഒഴികെയുള്ള തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തതായും അഡീഷണൽ ബാച്ച് അനുവദിച്ചതിന്റെ ഭാഗമായി ടി സ്കൂളിൽ നിലവിലുള്ള ഒരു എച്ച്.എസ്.എസ്.റ്റി. മലയാളം തസ്തികയ്ക്കു പുറമേ ഒരു എച്ച്.എസ്.എസ്.റ്റി. മലയാളം ( ജൂനിയർ) തസ്തിക കൂടി സൃഷ്ടിക്കുന്നതിനുള്ള മതിയായ എണ്ണം കുട്ടികളില്ലാത്തതിനാൽ 2014-15 ലെ തസ്തിക നിർണ്ണയ പ്രോപ്പോസലിൽ ഹർജിക്കാരന്റെ സ്കൂൾ ഉൾപ്പെടുത്തിയിരുന്നില്ലായെന്നും എന്നാൽ 2016-17 ലെ തസ്തിക നിർണ്ണയ ഉത്തരവുകൾ പ്രകാരം ടി സ്കൂളിൽ മലയാളത്തിന് 36 പിരീഡ് നിലവിലുണ്ടെന്നും ഒരു എച്ച്.എസ്.എസ്.റ്റി. (മലയാളം) തസ്തിക നിലവിലുള്ളതിനാൽ ഒരു എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) മലയാളം തസ്തിക കൂടി ലഭിക്കുന്നതിന് ടി സ്കൂളിന്

അർഹതയുണ്ടെന്നും ICT സെൽ റിപ്പോർട്ട് പ്രകാരവും ടി സ്കൂളിൽ 2016-17 മുതൽ 2019-2020 വരെ മലയാളത്തിന് തസ്തിക നിർണ്ണയത്തിനാവശ്യമായ കുട്ടികളുടെ എണ്ണവും നിലവിലുള്ളതായും പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.കോഴിക്കോട് മടവൂർ ചക്കാലയ്ക്കൽ ഹയർ സെക്കന്ററി സ്കൂളിൽ, ഉത്തരവ് തീയതി മുതൽ പ്രബല്യത്തിൽ, ഒരു എച്ച്. എസ്. എസ് .റ്റി (ജൂനിയർ) മലയാളം തസ്തിക സൃഷ്ടിച്ച് ഉത്തരവാകുന്നു.

4) ബഹു.ഹൈക്കോടതിയുടെ പരാമശം.2 ലെ വിധിന്യായം മേൽപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എ.ഷാജഹാന്**
സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ , ഹയർസെക്കണ്ടറി വിദ്യാഭ്യാസം, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
കോഴിക്കോട് മേഖലാ ഉപമേധാവി,ഹയർ സെക്കന്ററി വിദ്യാഭ്യാസം, കോഴിക്കോട്.
മാനേജർ. ചക്കാലയ്ക്കൽ ഹയർ സെക്കന്ററി സ്കൂൾ, മടവൂർ, കോഴിക്കോട്.
പൊതു ഭരണ (എസ് .സി ) വകുപ്പ് (ഇനം നം: 4318 തിയ്യതി : 04 -11 -2020)
ധനകാര്യ വകുപ്പ് (20.3.2020 ലെ Edn-B1/89/2020-Fin (1473601) പ്രകാരം)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

വെബ് & ന്യൂ മീഡിയ
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by DILEEP S M
Date: 2020.11.09 10:53:33 IST
Reason: Approved
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 04-11-2020

ഫയൽ നം. 310/റ്റി3/2019/പൊ.വി.വ. ഇനം നം: 4318

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - കോഴിക്കോട് മടവൂർ ചക്കാലയ്ക്കൽ ഹയർ സെക്കന്ററി സ്കൂളിൽ ഒരു എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) മലയാളം തസ്തിക സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

Scanned by CamScanner

**കേരള സർക്കാർ**

( ശ്രീ. പിണറായി വിജയൻ മന്ത്രിസഭ )

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | 310/റ്റി3/2019 പൊ.വി.വ |
| 2 | വകുപ്പ് | പൊതു വിദ്യാഭ്യാസ ( റ്റി) വകുപ്പ് |
| 3 | വിഷയം | കോഴിക്കോട് മടവൂർ ചക്കാലയ്ക്കൽ ഹയർ സെക്കന്ററി സ്കൂളിൽ ഒരു എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) മലയാളം തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 23/06/2020 |
| 5 | (i ) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>അതെ |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ. ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ. കൃഷ്ണദാസൻ പി |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീ. എ. ഷാജഹാൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 20/10/2020 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 28/10/2020 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | പ്രൊഫ. സി. രവീന്ദ്രനാഥ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 02/11/2020 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 03/11/2020 |
| 15 | മന്ത്രി സഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും, | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കോഴിക്കോട് ജില്ലയിലെ മടവൂർ ചക്കാലക്കൽ ഹയർസെക്കൻഡറി സ്കൂളിൽ മലയാളം ഉപഭാഷ വിഷയത്തിൽ നിലവിലുള്ള ഒരു എച്ച് എസ് എസ് ടി തസ്തികയ്ക്ക് പുറമേ ഒരു ജൂനിയർ എച്ച്എസ്എസ് ടി തസ്തിക കൂടി സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. കോഴിക്കോട് ജില്ലയിലെ മടവൂർ ചക്കാലക്കൽ ഹയർസെക്കൻഡറി സ്കൂളിൽ ഒരു എച്ച്.എസ്.എസ്.റ്റി ( ജൂനിയർ) മലയാളം തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് സ്കൂൾ മാനേജർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 27607/2019 നമ്പർ കേസിലെ 17/10/2019 ലെ വിധിന്യായത്തിൽ , ഹർജിക്കാരൻ സർക്കാർ മുൻപാകെ സമർപ്പിച്ചിരിക്കുന്ന എക്സിബിറ്റ് പി.7 നിവേദനം വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച് മൂന്ന് മാസത്തിനകം, ഹർജിക്കാരനെ നേരിൽ കേട്ട് തീർപ്പാക്കണമെന്ന് ബഹു ഹൈക്കോടതി സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു. പ്രസ്തുത വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മാനേജരെയും മറ്റു ബന്ധപ്പെട്ട കക്ഷികളെയും അണ്ടർസെക്രട്ടറി 28.01.2020-ൽ നേരിൽ കേൾക്കുകയുണ്ടായി.

3. പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം, 24.11.2014-ലെ സ.ഉ.(എം.എസ്.) നം.247/2014/പൊവിവ നമ്പർ ഉത്തരവ് പ്രകാരം, മടവൂർ ചക്കാലയ്ക്കൽ ഹയർസെക്കണ്ടറി സ്കൂളിൽ അഡീഷണലായി ഒരു സയൻസ് ബാച്ച് അനുവദിക്കുകയും 21.08.2017-ലെ സ.ഉ.(എം.എസ്.) നം.106/2017/പൊവിവ നമ്പർ ഉത്തരവ് പ്രകാരം മലയാളം ഉപഭാഷ ഒഴികെയുള്ള തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. അഡീഷണൽ ബാച്ച് അനുവദിച്ചതിന്റെ ഭാഗമായി ടി സ്കൂളിൽ നിലവിലുള്ള ഒരു എച്ച്.എസ്.എസ്.റ്റി. മലയാളം തസ്തികയ്ക്കു പുറമേ ഒരു എച്ച്.എസ്.എസ്.റ്റി. മലയാളം ( ജൂനിയർ) തസ്തിക കൂടി സൃഷ്ടിക്കുന്നതിനുള്ള മതിയായ എണ്ണം കുട്ടികളില്ലാത്തതിനാൽ 2014-15 ലെ തസ്തിക നിർണ്ണയ പ്രോപ്പോസലിൽ ഹർജിക്കാരന്റെ സ്കൂൾ ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ 2016-17 ലെ തസ്തിക നിർണ്ണയ ഉത്തരവുകൾ പ്രകാരം ടി സ്കൂളിൽ മലയാളത്തിന് 36 പിരീഡ് നിലവിലുണ്ട്. ഒരു എച്ച്.എസ്.എസ്.റ്റി. (മലയാളം) തസ്തിക നിലവിലുള്ളതിനാൽ ഒരു എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) മലയാളം തസ്തിക കൂടി ലഭിക്കുന്നതിന് ടി സ്കൂളിന് അർഹതയുണ്ട്. ICT സെൽ റിപ്പോർട്ട് പ്രകാരവും ടി സ്കൂളിൽ 2016-17 മുതൽ 2019-2020 വരെ മലയാളത്തിന് തസ്തിക നിർണ്ണയത്തിനാവശ്യമായ കുട്ടികളുടെ എണ്ണവും നിലവിലുള്ളതായും കാണുന്നു. ടി സ്കൂളിൽ ഒരു എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) മലയാളം തസ്തിക സൃഷ്ടിക്കുമ്പോൾ താഴെപ്പറയും പ്രകാരം സാമ്പത്തിക ബാധ്യത വരുമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ വ്യക്തമാക്കിയിട്ടുണ്ട്

1. എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) മലയാളം = (1 x Basic Pay + 20% DA) per year

= 1 x (32300 + 6460) x 12
= 1 x 38760 x 12
= 4,65,120 /- per year.

4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പ്രൊപ്പോസൽ പ്രകാരം ചക്കാലയ്ക്കൽ ഹയർസെക്കണ്ടറി സ്കൂളിൽ ഒരു എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) മലയാളം തസ്തിക സൃഷ്ടിക്കുന്നതിന് പ്രതിവർഷം 4,65,120/- (നാലു ലക്ഷത്തി അറുപത്തി അയ്യായിരത്തി നൂറ്റി ഇരുപത് രൂപ) അധിക സാമ്പത്തിക ബാധ്യതയുണ്ടാകുന്നതിനാൽ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച ധനകാര്യവകുപ്പിന്റെ അഭിപ്രായം ആരായുകയുണ്ടായി.

ധനകാര്യവകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു .

"WP(C) 27607/2019 നമ്പർ കേസിലെ 17/10/2019 ലെ വിധിന്യായം പാലിക്കുന്നതിന് കോഴിക്കോട് മടവൂർ ചക്കാലയ്ക്കൽ ഹയർ സെക്കന്ററി സ്കൂളിൽ ഒരു എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) മലയാളം തസ്തിക സൃഷ്ടിക്കുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകുന്നു.

ഈ തീരുമാനത്തിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരം ഉണ്ട്."

5) WP(C) 27607/2019 നമ്പർ കേസിലെ വിധിന്യായം പാലിക്കുന്നതിന്, കോഴിക്കോട് മടവൂർ ചക്കാലയ്ക്കൽ ഹയർ സെക്കന്ററി സ്കൂളിൽ ഒരു എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) മലയാളം തസ്തിക സൃഷ്ടിക്കുന്നതിനുള്ള അനുമതിക്കായി ഫയൽ സമർപ്പിച്ചപ്പോൾ ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

WP(C) 27607/2019 നമ്പർ കേസിലെ 17.10.2019 ലെ വിധിന്യായം പാലിക്കുന്നതിന് കോഴിക്കോട് മടവൂർ ചക്കാലയ്ക്കൽ ഹയർ സെക്കന്ററി സ്കൂളിൽ ഒരു എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) മലയാളം തസ്തിക, ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ സൃഷ്ടിക്കാമോ?